**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2351** — **21-01-2021 - ൽ മറുപടിയ്ക്ക്**

**സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഒ. രാജഗോപാൽ** | | **Dr. T. M. Thomas Isaac**<br>**(ധനകാര്യവും കയറും വകുപ്പമന്ത്രി)** | |
| (എ) | സംസ്ഥാന സർക്കാർ ജീവനക്കാരുടേയും അദ്ധ്യാപകരുടേയും ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ട് സമർപ്പിക്കാനുള്ള കാലതാമസത്തിന് കാരണമെന്തെന്ന് വ്യക്തമാക്കുമോ; | (എ) | കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ നേരിടേണ്ടി വന്ന പ്രതികൂല സാഹചര്യങ്ങളാണ് ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ട് സമർപ്പിക്കുന്നതിന് കാലതാമസമുണ്ടാക്കുന്നത്. ടി പരിതസ്ഥിതിയിലും ജീവനക്കാരുടെ ശമ്പള പരിഷ്കരണ റിപ്പോർട്ട് ജനുവരി അവസാനം ലഭിക്കുമെന്നും കമ്മീഷന്റെ ശിപാർശകളുടെ അടിസ്ഥാനത്തിൽ ഏപ്രിൽ മാസം മുതൽ ശമ്പളവും പെൻഷനും പരിഷ്കരിച്ചുകൊണ്ട് ഉത്തരവിറക്കുമെന്നും കഴിഞ്ഞ ശമ്പള പരിഷ്കരണത്തിലെന്നപോലെ ശമ്പള കുടിശിക മൂന്ന് ഗഡുക്കളായി പിന്നീട് നൽകുന്നതാണെന്നും 2021-22 സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) | സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ബാധകമാകേണ്ട ഹെൽത്ത് ഇൻഷുറൻസ് പദ്ധതി നടപ്പാക്കുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ; | (ബി) | മെഡിസെപ് പദ്ധതിയുടെ പ്രാരംഭ ഘട്ടത്തിൽ പദ്ധതി നടപ്പാക്കുന്നതിനായി റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് -ന് തത്വത്തിൽ അംഗീകാരം നൽകി. എങ്കിലും എംപാനൽമെന്റ് മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ ടി അവാർഡ് ഓഫ് കോൺട്രാക്റ്റ് റദ്ദ് ചെയ്തിരുന്നു. പദ്ധതി പുനരാരംഭിക്കുന്നതിന്റെ ഭാഗമായി മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി ശിപാർശ ചെയ്ത ചികിത്സാ നിരക്കുകൾ ഉൾപ്പെടുത്തിയും അഡ്വക്കേറ്റ് ജനറൽ കേരള നിർദ്ദേശിച്ച നിബന്ധനകൾ ചേർത്തും ആർ.എഫ്.പി (Request for Proposal) വീണ്ടും പരിഷ്കരിച്ച് റി-ടെൻഡർ ചെയ്യുന്നതിനുള്ള നടപടി പുരോഗമിച്ച് വരുന്നു. മെഡിസെപ് 2021-22 ൽ നടപ്പാക്കുമെന്ന് 2021-22 സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. |
| (സി) | ഈ ജീവനക്കാർക്ക് ഇതുവരെ കുടിശ്ശികയായ ക്ഷാമബത്ത അടിയന്തരമായി നൽകുവാൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ? | (സി) | സംസ്ഥാന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും കുടിശികയായ രണ്ട് ക്ഷാമബത്ത ഗഡുക്കളിൽ ഒന്ന് 2021 ഏപ്രിൽ മാസവും രണ്ടാമത്തെ ഗഡു 2021 ഒക്ടോബറിലും |

| | | | |
|---|---|---|---|
| | | | അനുവദിക്കുമെന്നും കുടിശിക പി.എഫ് -ൽ ലയിപ്പിക്കുമെന്നും 2021-22 സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ